VOL - 10 ISSUE -1

APRIL 2022

ECHOLIS 2022

A QUARTERLY BULLETIN OF LISIE MEDICAL AND EDUCATIONAL INSTITUTIONS

Environment Friendly

CARE *with* LOVE

LISIE HOSPITAL ERNAKULAM

lisienewsletter2013@gmail.com



Previous Issue

ECHOLIS 2022 EDITORIAL BOARD

Managing Editor
Dr Fr Paul Karedan

Editor-in-chief
Prof Dr Usha Marath

Consultant Editors
Fr Shanu Moonjely
Fr Rojan Nangelimalil
Fr George Thelekatt
Fr Joseph Makkothakattu

Associate Editors
Dr Babu Francis
Mr Sajeev Jacob

Editorial Members
Mrs Manju George
Mr Venugopal S

Lisie Hospital
Ernakulam, P.B. No. 3053
Kochi - 682018
Ph: 0484 2402044
contact@lisiehospital.org
www.lisiehospital.org

FROM THE DIRECTOR'S DESK

Greeting to all,

We are at the threshold of a New Financial year. In the beginning of this financial year, we faced a grave financial crisis due to reduction in number of patients, as a result of restrictions placed by Government to tide over the Covid second wave. But due to our tradition of converting challenges into opportunities, we overcame this challenge. Likewise, the Covid third wave which peaked between mid January to mid February has also receded. We are now more resilient, with greater energy and confidence than ever before. The functioning of our hospital is back to normal. **Celebrations of different departments has started with renewed vigour and enthusiasm.** Let us work together and remain steadfast and unwavering in our commitment of providing quality treatment at affordable cost to our needy patients.

Our foresight and determination has propelled the hospital to achieve many milestones. We have started **Lisie Grand Rounds**, an academic program that provides opportunity for our doctors to present their unique and excellent medical cases every month, for better understanding of departments and their achievements and thereby generating collective discussion. This enlightens doctors of other departments, especially DNB students about the work and achievements of all other departments of this hospital. At this juncture, I wish to express my sincere gratitude to Dr. Prakash Zachariah, Sr. Consultant of Lisie Institute of Gastroenterology as well as Dr. Jabir Abdulakutty, Sr. Consultant, Lisie Heart Institute for their able leadership in organizing Lisie Grand Rounds. Attendance in this academic program will help us to build our Lisie Family of Doctors as a group supporting and encouraging each other.

The **Department of Radiation Oncology** has started functioning. I am glad to note that the personnel in this department have started working excellently as a team. True Beam Linear Accelerator supplied by Varian has already been installed in our Hospital. It is hoped that Lisie Cancer Center will be fully functional within six months. LCC is organizing its first academic programme on breast cancer on March 27th, involving doctors of many departments from our hospital and doctors from other hospitals as well.

Magnetom Vida 3T MRI Machine manufactured by Siemens has already been installed in our hospital with a new space earmarked for Radiology and Interventional Radiology. This has been done to fulfill the Vision and Mission of our Hospital viz. to provide health care of global standards at affordable treatment cost for integral care of all our patients.

The above mentioned unparalleled initiatives have translated the dreams of our visionary founding fathers into a reality. I solicit the cooperation of all Lisie family members in achieving our future plans so that our hospital continues in its glorious journey of rendering "Care With Love" to our needy patients.

May God Bless You All !!!!!

Fr. Dr. Paul Karedan
Director

ലോകാരോഗ്യ ദിനാചരണത്തിന് തുടക്കം കുറിച്ച് ഗോവ ഗവർണർ പി. എസ്. ശ്രീധരൻ പിള്ള (31 Mar 2022)

ലോകാരോഗ്യ ദിനാചരണത്തിന്റെ ഭാഗമായി ലിസി ആശുപത്രിയിൽ നടന്ന പരിപാടികൾക്ക് ഗോവ ഗവർണർ പി എസ് ശ്രീധരൻ പിള്ള തുടക്കം കുറിച്ചു. 2022 മാർച്ച് 31ന് ആശുപത്രി അങ്കണത്തിൽ ഗവർണർ വൃക്ഷത്തൈ നട്ടു. ലിസി ആശുപത്രി ഡയറക്ടർ റവ. ഡോ. പോൾ കരേടൻ, ജോയിന്റ് ഡയറക്ടർ റവ. ഫാ. റോജൻ നങ്ങേലിമാലിൽ, അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. ഷനു മൂഞ്ഞേലി, ആശുപത്രി മെഡിക്കൽ സൂപ്രണ്ട് ഡോ. ബാബു ഫ്രാൻസിസ്, ക്രിട്ടിക്കൽ കെയർ മെഡിസിൻ വിഭാഗം മേധാവി ഡോ. ശ്രീവത്സൻ, പബ്ലിക് റിലേഷൻസ് ഓഫീസർ വി. ആർ. രാജേഷ് എന്നിവർ സന്നിഹിതരായിരുന്നു

റേഡിയോളജി വിഭാഗം നവീകരിച്ചു (26 Feb 2022)

ലിസി ആശുപത്രിയിൽ നവീകരിച്ച റേഡിയോളജി വിഭാഗത്തിന്റെയും ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗത്തിന്റെയും ഉദ്ഘാടനവും അത്യാധുനിക 3റ്റി എം ആർ ഐ മെഷീന്റെ ആശീർവാദവും നടത്തി.

കൊച്ചി മേയർ അഡ്വ. എം. അനിൽ കുമാർ നാട മുറിച്ചാണ് ഉദ്ഘാടനം നിർവഹിച്ചത്. എറണാകുളം അങ്കമാലി അതിരൂപത മെത്രാപ്പോലീത്തൻ വികാരി ആർച്ച് ബിഷപ്പ് ആന്റണി കരിയിൽ ആശീർവാദകർമ്മം നടത്തി. കരിയിൽ പിതാവും മേയർ എം. അനിൽ കുമാറും ചേർന്ന് 3റ്റി എം ആർ ഐ യുടെ സ്വിച്ച് ഓൺ കർമ്മവും നിർവ്വഹിച്ചു. മേയർ ഉദ്ഘാടന സന്ദേശം നൽകി. ഡയറക്ടർ ഫാ. പോൾ കരേടൻ, ജോ. ഡയറക്ടർ റോജൻ നങ്ങേലിമാലിൽ, അസി. ഡയറക്ടർ ഫാ. ഷനു മൂഞ്ഞേലി, ഫാ. ജോസഫ് മാക്കോതക്കാട്ട്, കൗൺസിലർമാരായ രജനി മണി, അരിസ്റ്റോട്ടിൽ, ലിസി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റേഡിയോളജി റിസർച്ച് & ഇമേജിങ് സയൻസസ് വിഭാഗം മേധാവി ഡോ. അമൽ ആന്റണി, ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗം മേധാവി ഡോ. ലിജേഷ് കുമാർ എന്നിവർ പങ്കെടുത്തു. ലിസി ആശുപത്രിയിലെ ഡോക്ടർമാരും മറ്റ് സ്റ്റാഫ് അംഗങ്ങളും ചടങ്ങിൽ സന്നിഹിതരായിരുന്നു.

കുഞ്ഞ് 'സെയിൻ' ജീവിതത്തിലേക്ക് മടങ്ങിയെത്തി (21 Feb 2022)

അത്യപൂർവ്വമായ രോഗാവസ്ഥ തരണം ചെയ്ത് കുഞ്ഞ് 'സെയിൻ' ജീവിതത്തിലേക്ക് മടങ്ങിയെത്തി. കണ്ണൂർ കൊട്ടിയൂർ സ്വദേശികളായ ഫെബിൻ - ജസ്റ്റി ദമ്പതികളുടെ മകനായ ഒന്നര മാസം മാത്രം പ്രായമുള്ള സെയിൻ ഫ്രാൻസിസ് ഫെബിൻ ആണ് വിദഗ്ധ ചികിത്സയിലൂടെ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളിൽ നിന്നും മുക്തനായത്.

കഴിഞ്ഞ ഡിസംബർ 30ന് കണ്ണൂരിലെ സ്വകാര്യ ആശുപത്രിയിലാണ് സെയിൻ ജനിച്ചത്. തുടക്കത്തിൽ യാതൊരുവിധ ആരോഗ്യ പ്രശ്നങ്ങളും കുട്ടിക്ക് ഉണ്ടായിരുന്നില്ല. വീട്ടിലെത്തി ഒരാഴ്ചയ്ക്ക് ശേഷമാണ് കുട്ടിക്ക് ശ്വാസം എടുക്കുന്നതിന് ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടു തുടങ്ങിയത്. നാട്ടിലുള്ള ആശുപത്രിയിൽ നടത്തിയ പരിശോധനയിൽ നെഞ്ചിന്റെ വലതുഭാഗത്തും ഹൃദയത്തിന് ചുറ്റിനും ദ്രാവകം നിറഞ്ഞിരിക്കുന്നതായി കണ്ടെത്തി. വിശദമായ പരിശോധനയിൽ കൊഴുപ്പുനിറഞ്ഞ കൈലോതൊറാക്സ് ആണ് ആ ദ്രാവകം എന്ന് മനസ്സിലായി. നെഞ്ചിനകത്തുള്ള ഭാഗത്തുനിന്ന് ലീക്ക് വന്നാണ് ഈ ഭാഗങ്ങളിൽ കൈലോതൊറാക്സ് നിറഞ്ഞത്. ഇത്രയും കുഞ്ഞുശരീരത്തിൽ ആ ലീക്ക് കണ്ടെത്തി അടയ്ക്കുന്നത് വളരെയധികം ബുദ്ധിമുട്ടുള്ള കാര്യമായിരുന്നു. മരുന്നുകൾ മാറി മാറി പരീക്ഷിച്ചെങ്കിലും നിരാശയായിരുന്നു ഫലം. തന്റെ ഒരു സുഹൃത്തിൽ നിന്നാണ് ഫെബിൻ ലിസി ഹോസ്പിറ്റലിലെ ഡോക്ടർമാരെ കുറിച്ച് അറിഞ്ഞത്. തുടർന്ന് ഫെബിൻ ആശുപത്രി ഡയറക്ടറായ ഫാ. പോൾ കരേടനെ ഫോൺ മുഖേന ബന്ധപ്പെട്ട് വിവരങ്ങൾ ധരിപ്പിക്കുകയായിരുന്നു. അങ്ങനെയാണ് കണ്ണൂരിൽ നിന്ന് ലിസി ആശുപത്രിയിൽ എത്തിയത്. കുട്ടിയെ പരിശോധിച്ച നവജാതശിശുരോഗ വിദഗ്ദനായ ഡോ. ടോണി മാമ്പിള്ളി കാര്യത്തിന്റെ ഗൗരവം മാതാപിതാക്കളെ ധരിപ്പിക്കുകയും ചികിത്സ പൂർത്തീകരിക്കുവാൻ സമയമെടുക്കുമെന്നും അതിനായി ക്ഷമയോടെ കാത്തിരിക്കണമെന്നും അറിയിച്ചു. ഡോക്ടർമാരുടെ നിർദ്ദേശങ്ങൾ കൃത്യമായി അനുസരിച്ച് മാതാപിതാക്കൾ കുഞ്ഞിന്റെ കൂടെ തന്നെ ഉണ്ടായിരുന്നു. ആദ്യം മുലപ്പാൽ കൊടുക്കുന്നത് നിർത്തുകയും മീഡിയം ചെയിൻ ഫാറ്റി ആസിഡ് കൊടുക്കുകയും ചെയ്തു. എന്നാൽ വീണ്ടും കൈലോതൊറാക്സ് രൂപപ്പെട്ടതിനാൽ അത് കുത്തിയെടുത്ത് പുറത്ത് കളയേണ്ട സാഹചര്യം തുടർച്ചയായി ഉണ്ടാകുകയായിരുന്നു. തുടർന്ന് കുട്ടികളുടെ ചികിത്സാവിഭാഗവും, കുട്ടികളുടെ ഹൃദ്രോഗ ചികിത്സാവിഭാഗവും, ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗവും കൂടിയാലോചനകൾ നടത്തി, നവജാത ശിശുക്കളിൽ ലോകത്ത് തന്നെ അത്യപൂർവ്വമായി മാത്രം നടത്തിയിട്ടുള്ള ചികിത്സാരീതി അവലംബിക്കാൻ തീരുമാനിക്കുകയായിരുന്നു. അടുത്ത ദിവസം തന്നെ ഡോ. ലിജേഷ് കുമാർ, ഡോ. എഡ്വിൻ ഫ്രാൻസിസ് എന്നിവരുടെ നേതൃത്വത്തിൽ ലിംഫ് ആൻജിയോഗ്രാം നടത്തി തൊറാസിക്ക് ഡക്റ്റിലെ വളരെ ചെറിയ ലീക്ക് കണ്ടെത്തുകയും എംബോളൈസേഷൻ വഴി അടയ്ക്കുകയും ചെയ്തു.

സാധാരണയായി നെഞ്ച് തുറന്നുള്ള ശസ്ത്രക്രിയ കഴിഞ്ഞവരിലോ, നെഞ്ചിൽ ട്യൂമർ ഉള്ളവരിലോ ആണ് ഇങ്ങനെയുള്ള ലീക്ക് വന്നു കൈലോതൊറാക്സ് രൂപപ്പെടുന്നത്. നവജാത ശിശുക്കളിൽ ഇങ്ങനെയൊരു കാര്യം അത്യപൂർവ്വമാണ്. ലിംഫ് ആൻജിയോഗ്രാം ചെയ്ത് എംബോളൈസേഷൻ വഴി ലീക്ക് അടയ്ക്കുവാൻ സാധിച്ചില്ലെങ്കിൽ നെഞ്ച് തുറന്നുള്ള അതിസങ്കീർണ്ണമായ ശസ്ത്രക്രിയയ്ക്ക് കുഞ്ഞ് വിധേയനാകേണ്ടി വന്നേനെ. ഇപ്പോൾ കുഞ്ഞിന്റെ ആരോഗ്യ സ്ഥിതി സാധാരണ നിലയിലാണെന്നും ഏതൊരു കുട്ടിയേയും പോലെ മുന്നോട്ടു ജീവിതം നയിക്കുവാൻ സാധിക്കുമെന്നും ഡോ. ടോണി മാമ്പിള്ളി പറഞ്ഞു.

ഫാ. പോൾ കരേടന്റെ നേതൃത്വത്തിൽ കേക്ക്

മുറിച്ച് സന്തോഷം പങ്കുവച്ചാണ് കുഞ്ഞിനെ ആശുപത്രിയിൽ നിന്നും യാത്രയാക്കിയത്. ഫാ. റോജൻ നങ്ങേലിമാലിൽ, ഫാ. ഷനു മുഞ്ഞേലി, ഫാ. ജോർജ്ജ് തേലക്കാട്ട്, ഫാ. ജോസഫ് മാക്കോതക്കാട്ട് എന്നിവർ സന്നിഹിതരായി. ഡോ. ജെസ്സി തോമസ്, ഡോ. അന്നു ജോസ്, ഡോ. ദിലീപ് കുമാർ, ഡോ. മിഷ രാജു, ഡോ. വി. ബിജേഷ്, സിസ്റ്റർ ബെറ്റി, എ.ജെ. വിത്സൺ, ജിബിൻ തോമസ് തുടങ്ങിയവരും ചികിത്സയിൽ പങ്കാളികളായിരുന്നു.

അപൂർവ രോഗഭീതി അകന്നു; സെയിൻ സുഖജീവിതത്തിലേക്ക്

കൊച്ചി: അപൂർവരോഗാവസ്ഥ തരണം ചെയ്ത് കുഞ്ഞു സെയിൻ ജീവിതത്തിലേക്ക് മടങ്ങിയെത്തി. കണ്ണൂർ കൊട്ടിയൂർ സ്വദേശികളായ ഫെബിൻ-ജസ്റ്റി ദമ്പതികളുടെ മകനായ ഒന്നര മാസം മാത്രം പ്രായമുള്ള സെയിൻ ഫ്രാൻസിസ് ഫെബിൻ ആണു ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളിൽ നിന്നു വിദഗ്ധ ചികിത്സയിലൂടെ മുക്തനായത്.

ജനിച്ച് രണ്ടാഴ്ച പിന്നിട്ടപ്പോൾ മുതൽ സെയിനിനു ശ്വാസം എടുക്കുന്നതിനു ബുദ്ധിമുട്ടനുഭവപ്പെട്ടു തുടങ്ങി. പരിശോധനകൾ നടത്തിയതിൽ നിന്നും നെഞ്ചിന്റെ വലതുഭാഗത്തും ഹൃദയത്തിനു ചുറ്റും കൊഴുപ്പുനിറഞ്ഞ കൈലോതൊറാക്സ് എന്ന ദ്രാവകം കെട്ടിക്കിടക്കുന്നതായി മനസിലായി. നെഞ്ചിനകത്തുള്ള ഭാഗത്തുനിന്ന് ലീക്കുചെയ്താണ് കൈലോതൊറാക്സ് നിറഞ്ഞത്. മരുന്നുകൾ മാറി മാറി പരീക്ഷിച്ചെങ്കിലും നിരാശയായിരുന്നു ഫലം. സുഹൃത്തിന്റെ അഭിപ്രായ പ്രകാരം ഫെബിൻ ലിസി ആശുപത്രി ഡയറക്ടറായ റവ.ഡോ. പോൾ കരേടനെ ഫോണ് മുഖേന ബന്ധപ്പെട്ട് വിവരങ്ങൾ ധരിപ്പിച്ചു. കുട്ടിയെ പരിശോധിച്ച നവജാതശിശുരോഗ വിദഗ്ദനായ ഡോ. ടോണി മാമ്പിള്ളിയുടെ നിർദേശപ്രകാരം ആദ്യം മുലപ്പാൽ കൊടുക്കുന്നത് നിർത്തുകയും മീഡിയം ചെയിൻ ഫാറ്റി ആസിഡ് കൊടുക്കുകയും ചെയ്തു. വീണ്ടും കൈലോതൊറാക്സ് രൂപപ്പെട്ടതിനാൽ അത് കുത്തിയെടുത്ത് പുറത്ത് കളയേണ്ട സാഹചര്യമുണ്ടായി തുടർന്ന് കുട്ടികളുടെ ചികിത്സാവിഭാഗവും, കുട്ടികളുടെ ഹൃദ്രോഗ ചികിത്സാവിഭാഗവും, ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗവും കൂടിയാലോചനകൾ നടത്തി. അടുത്ത ദിവസം തന്നെ ഡോ. ലിജേഷ് കുമാർ, ഡോ. എഡ്വിൻ ഫ്രാൻസിസ് എന്നിവരുടെ നേതൃത്വത്തിൽ ലിംഫ് ആൻജിയോഗ്രാം നടത്തി തൊറാസിക് ഡക്ടിലെ വളരെ ചെറിയ ലീക്ക് കണ്ടെത്തുകയും എംബോളൈസേഷൻ വഴി അടയ്ക്കുകയുമായിരുന്നു.

അപൂർവ രോഗാവസ്ഥ തരണം ചെയ്ത് ലിസി ആശുപത്രിയിൽ നിന്നും മടങ്ങുന്ന കണ്ണൂർ കൊട്ടിയൂർ സ്വദേശി സെയിനും കുടുംബത്തിനും നല്കിയ യാത്രയയപ്പു ചടങ്ങിൽ സെയിനിന്റെ പിതാവ് ഫെബിൻ കേക്ക് മുറിക്കുന്നു. ഫാ. ഷനു മുഞ്ഞേലി, റവ. ഡോ. പോൾ കരേടൻ, ഡോ. ടോണി മാമ്പിള്ളി, ഫാ. റോജൻ നങ്ങേലിമാലിൽ, ഡോ. എഡ്വിൻ ഫ്രാൻസിസ്, ഡോ. ലിജേഷ്കുമാർ, ഡോ. ജെസി തോമസ്, ഡോ. മിഷ രാജു, ഡോ. അന്നു ജോസ്, വി.ആർ. രാജേഷ് തുടങ്ങിയവർ സമീപം.

സാധാരണയായി നെഞ്ച് തുറന്നുള്ള ശസ്ത്രക്രിയ കഴിഞ്ഞവരിലോ, നെഞ്ചിൽ ട്യൂമർ ഉള്ളവരിലോ ആണ് ഇങ്ങനെയുള്ള ലീക്ക് വന്നു കൈലോതൊറാക്സ് രൂപപ്പെടുന്നത്. നവജാത ശിശുക്കളിൽ ഇങ്ങനെയൊരു കാര്യം അപൂർവമാണ്. ലിംഫ് ആൻജിയോഗ്രാം ചെയ്ത് എംബോളൈസേഷൻ വഴി ലീക്ക് അടയ്ക്കാൻ സാധിച്ചില്ലെങ്കിൽ നെഞ്ചു തുറന്നുള്ള സങ്കീർണ ശസ്ത്രക്രിയ നടത്തേണ്ടിവരുമായിരുന്നു. ഇപ്പോൾ കുഞ്ഞിന്റെ ആരോഗ്യസ്ഥിതി സാധാരണ നിലയിലാണെന്നും ഏതൊരു കുട്ടിയേയും പോലെമുന്നോട്ടു ജീവിതം നയിക്കുവാൻ സാധിക്കുമെന്നും ഡോ. ടോണി മാമ്പിള്ളി പറഞ്ഞു.

റവ.ഡോ. പോൾ കരേടന്റെ നേതൃത്വത്തിൽ കേക്ക് മുറിച്ച് സന്തോഷം പങ്കുവച്ചാണ് കുഞ്ഞിനെ ആശുപത്രിയിൽ നിന്നും യാത്രയാക്കിയത്. ഫാ. റോജൻ നങ്ങേലിമാലിൽ, ഫാ. ഷനു മുഞ്ഞേലി, ഫാ. ജോർജ് തേലക്കാട്ട്, ഫാ. ജോസഫ് മാക്കോതക്കാട്ട് എന്നിവർ സന്നിഹിതരായി. ഡോ. ജെസി തോമസ്, ഡോ. അന്നു ജോസ്, ഡോ. ദിലീപ് കുമാർ, ഡോ. മിഷ രാജു, ഡോ. വി. ബിജേഷ്, സിസ്റ്റർ ബെറ്റി, എ.ജെ. വിത്സൺ, ജിബിൻ തോമസ് തുടങ്ങിയവരും ചികിത്സയിൽ പങ്കാളികളായിരുന്നു.

ഡോ. ജോസ് ചാക്കോ പെരിയപ്പുറത്തിന് പുരസ്കാരം

തൃശിവപേരൂർ സത്സംഗിന്റെ മീര പട്ടാഭിരാമൻ പുരസ്കാരം ഡോ. ജോസ് ചാക്കോ പെരിയപ്പുറത്തിന്. 50,000 രൂപയും ഫലകവും അടങ്ങുന്ന അവാർഡ് മന്ത്രി ആർ. ബിന്ദു സമ്മാനിച്ചു. കല്യാൺ സിൽക്സ് മാനേജിങ് ഡയറക്ടർ ടി. എസ്. പട്ടാഭിരാമന്റെ ഭാര്യയുടെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ ബഹുമതിയാണിത്.

ഹൃദയം തൊട്ട്, ഡോക്ടർ ജോസ് ചാക്കോ പെരിയപ്പുറത്തിന്റെ കുറിപ്പുകൾ

ഡോക്ടർ ജോസ് ചാക്കോ പെരിയപ്പുറം എഴുതിയ 'ഹൃദയം തൊട്ട്-ഒരു കാർഡിയാക് സർജന്റെ കുറിപ്പുകൾ' എന്ന പുസ്തകം പ്രകാശനം ചെയ്തു.

നേരിൽ കണ്ടൊരു നന്ദി വാക്കു പറയാനാകാതെ ഇത്രകാലം ഹൃദയത്തിൽ സൂക്ഷിച്ച ആ ഭാരം ഹൃദ്രോഗ വിദഗ്ധൻ ഡോ. ജോസ് ചാക്കോ പരിയപ്പുറം ഇറക്കി വെച്ചു. കൈവിട്ടു പോയെന്നു കരുതിയ ജീവിതം ഒരു ടാക്സി ഡ്രൈവറുടെ വേഷത്തിൽ വന്ന് ഒറ്റ സെക്കന്റിൽ തിരികെ നൽകി കൺമുന്നിൽ നിന്നു മറഞ്ഞുപോയ ബേബി എന്ന കെ.കെ. തോമസിന് (83) ഈ ദിവസം മറക്കാനാവാത്തതായി. ഡോക്ടർ ജോസ് ചാക്കോ പെരിയപ്പുറം എഴുതിയ 'ഹൃദയം തൊട്ട് - ഒരു കാർഡിയാക് സർജന്റെ കുറിപ്പുകൾ' എന്ന ഗ്രന്ഥം മന്ത്രി പി. രാജീവിൽ നിന്ന് അദ്ദേഹം ഏറ്റുവാങ്ങി.

കേരളത്തിൽ ആദ്യമായി ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തി ചരിത്രമായി മാറിയ ഡോക്ടറുടെ ജീവിതവും ചികിത്സാ അനുഭവങ്ങളും പങ്കുവയ്ക്കുന്ന പുസ്തകമാണ് ഹൃദയം തൊട്ട്. കുസാറ്റ് സെമിനാർ കോംപ്ലക്സ് ഹാളിൽ മന്ത്രി പി. രാജീവ് പുസ്തകം പ്രകാശനം ചെയ്തു. മനോരമ ബുക്സാണ് പുസ്തകം പ്രസിദ്ധീകരിച്ചത്.

പുസ്തക പ്രകാശനചടങ്ങിനു മലയാള മനോരമ സീനിയർ അസോസിയേറ്റ് എഡിറ്റർ ജോസ് പനച്ചിപ്പുറം അധ്യക്ഷത വഹിച്ചു. ലിസി ആശുപത്രി ഡയറക്ടർ ഫാ. ഡോ. പോൾ കരേടൻ, കാർഡിയോളജി വിഭാഗം മേധാവി ഡോ. റോണി മാത്യു കടവിൽ, കാർഡിയാക് അനസ്തീസിയ വകുപ്പു മേധാവി ഡോ. ജേക്കബ് ഏബ്രഹാം, ഡോക്ടർ ജോസ് ചാക്കോ പെരിയപ്പുറം, ലിമി റോസ് ടോം എന്നിവർ പ്രസംഗിച്ചു.

നിർണ്ണായകമായ ചികിത്സയിൽ പങ്കാളികളായി ലിസി പൾമനോളജി വിഭാഗം (11 Feb 2022)

2 വർഷമായുള്ള തുടർച്ചയായ ശ്വാസംമുട്ടൽ മൂലം പല ആശുപത്രികളിൽ കാണിക്കുകയും ന്യുമോണിയക്കുള്ള ട്രീറ്റ്മെന്റ് എടുത്തിട്ടും ശ്വാസമുട്ടൽ പിന്നീടും വരികയും ചെയ്തതിനെ തുടർന്നാണ് സമീനയും ഭർത്താവ് സക്കീർ ഹുസൈനും ലിസി ആശുപത്രിയിൽ എത്തിയത്. പൾമനോളജി വിഭാഗത്തിലെ ഡോ. തോമസ് കുര്യനെ കണ്ടതിനെത്തുടർന്ന് കുറച്ച് ദിവസത്തെ ചികിത്സയ്ക്ക് ശേഷം രോഗം എന്താണെന്ന് കണ്ടെത്തുകയായിരുന്നു. ശ്വാസകോശത്തിലെ വായു സഞ്ചികളിൽ പ്രോട്ടീനുകളും കൊഴുപ്പുകളും മറ്റു പദാർത്ഥങ്ങളും (മൊത്തത്തിൽ സർഫാക്റ്റന്റ് എന്നു വിളിക്കുന്നു) അടിഞ്ഞുകൂടുന്നത് മൂലമുണ്ടാകുന്ന അപൂർവ്വമായ രോഗമാണ് (പൾമണറി ആൽവിയോളാർ പ്രോട്ടീനോസിസ്) സമീനയ്ക്ക് ഉണ്ടായിരുന്നത്.തുടർന്ന് ഡോ. പരമേശിന്റെ നേതൃത്വത്തിൽ സലൈൻ സൊലൂഷൻ ഉപയോഗിച്ച് ശ്വാസകോശം കഴുകുന്ന പൾമണറി വാഷിംഗ് എന്ന് പ്രത്യേകതരം പ്രക്രിയ നടത്തുകയായിരുന്നു. പൾമനോളജി വിഭാഗത്തിലെ ഡോക്ടർമാരായ ഡോ. ഏലു മേരി, ഡോ. മരിയ തോമസ്, അനസ്തീഷ്യ വിഭാഗത്തിലെ ഡോ. രാജീവ്, ഡോ. ഹരികൃഷ്ണൻ എന്നിവരും സമീനയുടെ നിർണ്ണായകമായ ചികിത്സയിൽ പങ്കാളികളായിരുന്നു

അപൂർവ്വ ശസ്ത്രക്രിയയുമായി ലിസി ഇന്റർവെൻഷണൽ റേഡിയോളജി ടീം (11 Feb 2022)

തൃശൂർ സ്വദേശികളായ ഡാലിയയും ഭർത്താവ് അശോകനും ഒരു വർഷം മുമ്പ് വയറുവേദന മൂലം പല ആശുപത്രികളിൽ കാണിക്കുകയും വയറിൽ വെള്ളം കെട്ടുന്ന അവസ്ഥയാണെന്ന് കണ്ടെത്തി അതിനുള്ള ചികിത്സകൾ ചെയ്തിട്ടും വയറുവേദനയ്ക്ക് കാര്യമായി കുറവെന്നും ഇല്ലാതിരുന്നതിനെത്തുടർന്നാണ് ലിസി ആശുപത്രിയിൽ എത്തിയത്. ഗാസ്ട്രോഎന്ററോളജി വിഭാഗത്തിലെ ഡോ. മാത്യു ഫിലിപ്പിനെ കാണുകയും തുടർന്ന് ഇന്റർവെൻഷനൽ റേഡിയോളജി വിഭാഗത്തിലെ ഡോ. ലിജേഷ് കുമാർ നിർദ്ദേശിച്ചതനുസരിച്ച് സിടി സ്കാൻ എടുക്കുയും ചെയ്തത് വഴിയാണ് കരളിൽനിന്ന് രക്തം പോകുന്ന മൂന്ന് ഞരമ്പുകൾ അടയുന്ന ബഡ്സ് ചിയറി സിൻഡ്രോം (BUDS CHIARI SYNDROME) എന്ന അപൂർവ്വ രോഗാവസ്ഥയാണെന്ന് കണ്ടെത്തിയത്. DIPS (Direct Intre Hepatice Protosystemic Shunt) എന്ന ചികിത്സയിലൂടെ ഞരമ്പുകളിലെ രക്തയോട്ടം ക്രമീകരിക്കുയും ചെയ്തു. ഒരാഴ്ചയ്ക്കുശേഷം ആശുപത്രിവിട്ട ഡാലിയ ഒരു വർഷമായി സാധാരണ ജീവിതം നയിക്കുന്നു.

നവ വൈദീകർക്ക് ആശംസകൾ

2021-2022 വർഷത്തിൽ എറണാകുളം അങ്കമാലി അതിരൂപതയ്ക്കുവേണ്ടി തിരുപ്പട്ടം സ്വീകരിച്ച 12 നവ വൈദീകർ ലിസി ചാപ്പലിൽ ഒരുമിച്ച് കുർബാനയർപ്പിച്ചപ്പോൾ

ലോക കാൻസർ ദിനാചരണം (4 Feb 2022)

ഫെബ്രുവരി 4 ലോക കാൻസർ ദിനത്തോടനുബന്ധിച്ച് ലിസി കാൻസർ സെൻറ്ററിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ചടങ്ങിൽ ഡയറക്ടർ ഫാ. ഡോ. പോൾ കരേടൻ ലിസി കാൻസർ സെൻറ്ററിന്റെ (എൽ സി സി) ലോഗോ പ്രകാശനം ചെയ്തു. തുടർന്ന് എൽ സി സി യുടെ സേവനങ്ങളെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. ഫാ. റോജൻ നങ്ങേലിമാലിൽ, ഫാ. ഷനു മൂഞ്ഞേലി, ഫാ. ജോർജ്ജ് തേലക്കാട്ട്, ഫാ. തോമസ് കല്ലൂക്കാരൻ എന്നിവർ പങ്കെടുത്തു.

മെഡിക്കൽ സൂപ്രണ്ട് ഡോ. ബാബു ഫ്രാൻസിസ് കാൻസർ ദിന സന്ദേശം നൽകി. തുടർന്ന് നടന്ന ഡോക്ടർമാരുടെ അക്കാഡമിക്ക് മീറ്റിങ്ങിൽ ലിസി ആശുപത്രിയിലെ മറ്റു വിഭാഗങ്ങളിലെ ഡോക്ടർമാരും എൽ സി സി യുടെ സേവനകളെക്കുറിച്ച് സംസാരിച്ചു. കാൻസർ ദിനത്തിന്റെ ഭാഗമായി അന്നേ ദിവസം കാൻസർ രോഗികൾക്ക് സൗജന്യ ഒ പി കൺസൽട്ടേഷനും നടത്തി. ലിസി ആശുപത്രിയുടെ അനുബന്ധ സ്ഥാപനമായ ലിസി സ്കൂൾ ഓഫ് നഴ്സിങ് വിദ്യാർത്ഥികൾ ബോധവൽക്കരണ സ്കിറ്റ് അവതരിപ്പിച്ചു. ഓങ്കോളജി വിഭാഗത്തിലെ

ഡോ. ജയ്ശങ്കർ പി., സർജിക്കൽ ഓങ്കോളജി വിഭാഗത്തിലെ ഡോ. അരുൺ പീറ്റർ മാത്യു, റേഡിയേഷൻ വിഭാഗത്തിലെ ഡോ. അരുൺലാൽ എം, ഹെഡ് & നെക്ക് സർജിക്കൽ ഓങ്കോളജി വിഭാഗത്തിലെ ഡോ. സന്ദീപ് സുരേഷ്, ഡോ. ഷബ്ന അബ്ബാസ് എന്നിവർ അടങ്ങുന്ന സംഘമാണ് ലിസി കാൻസർ സെൻറ്ററിനെ (എൽ സി സി) നയിക്കുന്നത്.

Special Facebook Live by LCC

കാൻസർ ദിനത്തോടനുബന്ധിച്ച് ലിസി കാൻസർ സെന്ററിലെ വിദഗ്ധ ഡോക്ടർമാർ കാൻസർ സംബന്ധമായ സംശയങ്ങൾക്ക് തത്സമയം മറുപടി നൽകുന്നതിനായി ഫെയ്സ്ബുക്ക് ലൈവ് സെഷൻ ഫെബ്രുവരി 4 രാവിലെ 10.30 മുതൽ 11.30 വരെ നടത്തി. ഓങ്കോളജി വിഭാഗത്തിലെ ഡോ. ജയ്ശങ്കർ പി., സർജിക്കൽ ഓങ്കോളജി വിഭാഗത്തിലെ ഡോ. അരുൺ പീറ്റർ മാത്യു, റേഡിയേഷൻ വിഭാഗത്തിലെ ഡോ. അരുൺലാൽ എം., ഹെഡ് & നെക്ക് സർജിക്കൽ ഓങ്കോളജി വിഭാഗത്തിലെ ഡോ. സന്ദീപ് സുരേഷ് എന്നിവരാണ് ഈ പ്രോഗ്രാമിൽ പങ്കെടുത്ത് ചോദ്യങ്ങൾക്ക് മറുപടി നൽകിയത്.

Lisie Cancer Centre first patient diagnosis took place on (10 Jan 2022)

Founders Day (20 Feb 2022)

ലിസി ആശുപത്രിയുടെ സ്ഥാപകദിനത്തോടനുബന്ധിച്ച് ആശുപത്രി ചാപ്പലിൽ നടന്ന സമൂഹ ബലിക്ക് വികാരി ജനറാൾ റവ. ഡോ. ജോസ് പുതിയേടത്ത് മുഖ്യകാർമ്മികനായിരുന്നു. ഡയറക്ടർ ഫാ. പോൾ കരേടൻ, ഫാ. ജോർജ്ജ് തേലക്കാട്ട് എന്നിവർ സഹകാർമ്മികരായിരുന്നു.

ലിസി ആശുപത്രിയിൽ വനിതാ ദിനാഘോഷം (08 Mar 2022)

ലിസി ആശുപത്രിയിലെ 2022 ലെ വനിതാ ദിന ആഘോഷങ്ങൾക്ക് ഡയറക്ടർ ഫാ. പോൾ കരേടന്റെ നേതൃത്വത്തിൽ ആണ് തുടക്കം കുറിച്ചത്. "സ്നേഹാർദ്ര സമത്വം" എന്നതായിരുന്നു ഈ വർഷത്തെ ലിസിയിലെ വനിതാ ദിനത്തിന് നൽകിയിരുന്ന പേര്. 2022 ഫെബ്രുവരി 25 ന് നടത്തിയ "വനിതാ ദിന തലക്കെട്ട് രചന" മത്സരത്തിലൂടെയാണ് ഈ പേര് കമ്മിറ്റി അംഗങ്ങൾ തിരഞ്ഞെടുത്തത്. സെന്റ് ജൂഡ് വാർഡിലെ സ്റ്റാഫ് നഴ്സായ നിധിത വി ബി ആണ് ഈ പേര് നിർദേശിച്ച് മത്സരത്തിൽ വിജയിയായത്.

വനിതാ ദിനത്തോടനുബന്ധിച്ച് മോഡൽ മേകിംഗ് മത്സരം, ലിസിയിലെ ലേഡി സ്റ്റാഫുകൾക്ക് സൗജന്യ ആരോഗ്യ പരിശോധനകൾ, സെൽഫ് ഡിഫൻസ് സെഷൻ, സുംബ സെഷൻ എന്നിങ്ങനെ വ്യത്യസ്തമായ ഒട്ടേറെ പ്രോഗ്രാമുകളാണ് ഈ വർഷം ലിസി ആശുപത്രിയിൽ നടത്തിയത്.

പിന്നണി ഗായിക രഞ്ജിനി ജോസ് ആയിരുന്നു ഔദ്യോഗിക ചടങ്ങിൽ (08-03-2022) മുഖ്യ അതിഥിയായെത്തിയത്. തുടർന്ന് വനിതാ ജീവനക്കാർക്കായി പ്രത്യേക സെൽഫ് ഡിഫൻസ് സെഷനും, സുംബ ഫിറ്റ്നസ് സെഷനും നടത്തുകയുണ്ടായി. ഒട്ടുമിക്ക വനിതാ സ്റ്റാഫ് അംഗങ്ങളും എല്ലാ പ്രോഗ്രാമുകളിലും പങ്കെടുത്തു.

സ്തുത്യർഹമായ സേവനത്തിന്റെ 50 വർഷങ്ങൾ പിന്നിട്ട സിസ്റ്റർ എമിറെറ്റിനെ പ്രത്യേകം അനുമോദിച്ചു. 25 വർഷത്തിലധികം പിന്നിട്ട ഡോക്ടർമാർ ഉൾപ്പെടെയുള്ള മറ്റ് വനിതാ സ്റ്റാഫ് അംഗങ്ങളെയും ചടങ്ങിൽ പുരസ്കാരങ്ങൾ നൽകി ആദരിച്ചു. പിന്നണി ഗായിക രഞ്ജിനി ജോസ്, ഡയറക്ടർ ഫാ. പോൾ കരേടൻ എന്നിവർ ചേർന്നാണ് പുരസ്ക്കാരങ്ങൾ നൽകിയത്.

വനിതാ സ്റ്റാഫ് അംഗങ്ങൾക്കായി ഒരുക്കിയ സൗജന്യ ഹെൽത്ത് ചെക്ക് അപ്

വനിതാ സ്റ്റാഫ് അംഗങ്ങൾക്കായി ഒരുക്കിയ പ്രത്യേക സെൽഫ് ഡിഫൻസ് സെഷൻ

വനിതാ സ്റ്റാഫ് അംഗങ്ങൾക്കായി ഒരുക്കിയ പ്രത്യേക സുംബ സെഷൻ

മാർച്ച് 8 ലോക വനിതാ ദിനത്തിൽ ലിസി ആശുപത്രിയിൽ പിറന്ന ആദ്യത്തെ കുഞ്ഞിനും അമ്മയ്ക്കും, ഡയറക്ടർ ഫാ. പോൾ കരേടൻ സ്നേഹോപഹാരം നൽകി. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോർജ്ജ് തേലക്കാട്ട്, ട്രാൻസ്പ്ലാന്റ് കോർഡിനേറ്റർ സിസ്റ്റർ അൽഫോൻസ, ഡോ. ഫിൻസി മറിയം ജോർജ്ജ് എന്നിവർ സന്നിഹിതരായിരുന്നു.

BLS Training Programme took place on 09 Feb 2022

Best Wishes to Sri. Sabu George

Best Wishes Mr. Sabu George (DGM Procurement Logistics) for the dedicated & meritorious service rendered to Lisie Hospital from 2014 to 2022

ലോക വൃക്ക ദിനത്തിൽ ഡയാലിസിസ് രോഗികൾക്ക് ആശ്വാസമായി ലിസി ആശുപത്രി (10 Mar 2022)

മാർച്ച് 10 ലോക വൃക്ക ദിനത്തോടനുബന്ധിച്ച് ലിസി ആശുപത്രിയിലെ ഡയാലിസിസ് വിഭാഗത്തിന്റെയും ലിസി കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസസിന്റെയും നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. രാജഗിരി ക്രൈസ്റ്റ് ദ കിംഗ് ചർച്ച് വികാരി ഫാദർ ബൈജു കണ്ണംമ്പിള്ളി ഔദ്യോഗിക ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. പോൾ കരേടൻ, ജോയിന്റ് ഡയറക്ടർ ഫാ. റോജൻ നങ്ങേലിമാലിൽ, അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ഷനു മൂഞ്ഞേലി, ഫാ. ജോർജ്ജ് തേലക്കാട്ട്, ഫാ. ജോസഫ് മാക്കോതക്കാട്ട്, ആശുപത്രി മെഡിക്കൽ സൂപ്രണ്ടും സീനിയർ നെഫ്രോളജിസ്റ്റുമായ ഡോ. ബാബു ഫ്രാൻസിസ്, ഡോ. ജോസ് പി. പോൾ, ലിസി കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസസ് പ്രിൻസിപ്പൽ ഡോ. ഷബീർ എസ്. ഇക്ബാൽ, ഡയാലിസിസ് യൂണിറ്റ് ഇൻചാർജ് സിസ്റ്റർ ഡാരിയ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. സീനിയർ നെഫ്രോളജിസ്റ്റ് ഡോ. ജോസ് പി. പോളാണ് ഈ വർഷത്തെ വൃക്ക ദിനത്തിന്റെ തീം പ്രകാശനം ചെയ്തത്.

ലിസി ആശുപത്രിയിൽ ചികിത്സയിലുള്ള മുന്നൂറോളം ഡയാലിസിസ് രോഗികൾക്ക് വൃക്ക ദിനത്തോടനുബന്ധിച്ച് ഒരു ഡയാലിസിസ് സൗജന്യമായി ചെയ്യുന്നതിനുള്ള തുക ആശുപത്രിയുടെ ഡയാലിസിസ് യൂണിറ്റും കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസസും സംയുക്തമായി സമാഹരിച്ച് ആശുപത്രി ഡയറക്ടർ ഫാ. പോൾ കരേടന് കൈമാറി.



Transbronchial Biopsy (11 Feb 2022)



Happy to share with you that we have performed the first case of transbronchial biopsy with a cryoprobe at Lisie. Transbronchial biopsy (TBB) with a cryoprobe, or cryobiopsy, is a relatively new procedure for sampling lung parenchyma. This procedure entails using a flexible cryoprobe to rapidly freeze an area of peripheral lung, which is subsequently extracted as a cryobiopsy. Cryobiopsy specimens are larger than those obtained using traditional forceps.

Our patient had a diagnosis of Hypersensitivity Pneumonitis. She is asymptomatic now after 1 month of treatment for the same.

ലിസി ആശുപത്രിയിൽ ലോക സോഷ്യൽ വർക്ക് ദിനം ആചരിച്ചു (15 Mar 2022)

ലോക സോഷ്യൽ വർക്ക് ദിനത്തോടനുബന്ധിച്ച് ലിസി ആശുപത്രിയിലെ സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ വാക്കത്തോണും പച്ചക്കറി വിത്ത് വിതരണവും നടത്തി. പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്നതിന്റെ ആവശ്യകത ഉയർത്തിപ്പിടിച്ച് ആശുപത്രിയിലെ ANM സ്റ്റാഫ് ഉൾപ്പെടെ അറുപതോളം ജീവനക്കാരും വിദ്യാർത്ഥികളും അണിനിരന്ന വാക്കത്തോൺ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നിന്നും ആരംഭിച്ച് ലിസി ആശുപത്രിയിൽ അവസാനിച്ചു. വഴിയിലുടനീളം പച്ചക്കറി വിത്തുകൾ വിതരണം ചെയ്താണ് ആശുപത്രിയുടെ സാമൂഹിക പ്രതിബദ്ധത അറിയിച്ചത്.

സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ ലിസി ആശുപത്രിയിലെ കാർഡിയോളജി കൺസൾട്ടന്റ് ഡോ. ജോ ജോസഫ് മുഖ്യാഥിതിയായി. ആശുപത്രി ഡയറക്ടർ ഫാ. പോൾ കരേടൻ, ജോയിന്റ് ഡയറക്ടർ ഫാ. റോജൻ നങ്ങേലിമാലിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോർജ്ജ് തേലക്കാട്ട്, MSW

വിഭാഗം മേധാവി സിസ്റ്റർ അൽഫോൻസ കൂട്ടാല എന്നിവർ പ്രസംഗിച്ചു. ലിസി ആശുപത്രിയിലെ മെഡിക്കൽ സോഷ്യൽ വർക്ക് വിഭാഗത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ പൊതുജനത്തിന് വിത്ത് വിതരണവും നടത്തി.

ലിസി കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസസ് വിദ്യാർത്ഥികളും മെഡിക്കൽ സോഷ്യൽ വർക്ക് വിഭാഗത്തിലെ സ്റ്റാഫ് അംഗങ്ങളും ചേർന്ന് ആകർഷകമായ ഫ്ളാഷ് മോബ് സ്റ്റേഡിയത്തിലും ലിസി ആശുപത്രിയിലും സംഘടിപ്പിച്ചു.

സൂപ്പർ സ്പെഷ്യാൽറ്റി മെഡിക്കൽ ക്യാമ്പിന്റെ ഭാഗമായി ലിസി ആശുപത്രി (13 Mar 2022)

ശ്രീ ടി. ജെ വിനോദ് എം. എൽ എ യുടെ നേതൃത്വത്തിൽ മാർച്ച് 13, ഞായറാഴ്ച കടവന്ത്ര ഇൻഡോർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച സൂപ്പർ സ്പെഷ്യാൽറ്റി മെഡിക്കൽ ക്യാമ്പിൽ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി കൈകോർത്ത് ലിസി ആശുപത്രി.

ലിസി ആശുപത്രിയിലെ പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിലെ ഡോ. അന്നു ജോസ്, ന്യൂറോളജി വിഭാഗത്തിലെ ഡോ. അരുൺ കുമാർ, ജനറൽ മെഡിസിൻ വിഭാഗത്തിലെ ഡോ. അഭിലാഷ് ചാക്കോ, യൂറോളജി വിഭാഗത്തിലെ ഡോ. ജോസഫ് പച്ചിക്കര, പീഡിയാട്രിക്സ് വിഭാഗത്തിലെ ഡോ. ജെസി തോമസ്, ഡോ. വിവിൻ എബ്രഹാം, ഓർത്തോപീഡിക്സ് വിഭാഗത്തിലെ ഡോ. ശ്രീജിത്ത് ജി. എസ്, ഡോ. ഷനൂദ് സമദ്, പൾമനോളജി വിഭാഗത്തിലെ ഡോ. ചാന്ദിനി പ്രസന്നകുമാർ, ജനറൽ സർജറി വിഭാഗത്തിലെ ഡോ. ഫറാ ഹാസിം, സോഷ്യൽ വർക്ക് വിഭാഗം മേധാവി സിസ്റ്റർ അൽഫോൻസ കൂട്ടാല എന്നിവർക്കൊപ്പം ആശുപത്രിയിലെ മറ്റ് ജീവനക്കാരും ലിസി ആശുപത്രിയെ പ്രതിനിധീകരിച്ച് പങ്കെടുത്തു.

നാമഹേതുകതിരുനാൾ ആഘോഷിച്ചു (19 Mar 2022)

സൂപ്പർ സ്പെഷ്യാൽറ്റി മെഗാ മെഡിക്കൽ ക്യാമ്പ് (13 Mar 2022)

കളമശേരി നിയോജകമണ്ഡലത്തിൽ വ്യവസായ മന്ത്രി പി. രാജീവിന്റെ നേതൃത്വത്തിൽ മാർച്ച് 20 ന് സംഘടിപ്പിച്ച സൂപ്പർ സ്പെഷ്യാലിറ്റി മെഗാ മെഡിക്കൽ ക്യാമ്പിൽ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി കൈകോർത്ത് ലിസി ആശുപത്രി.

ലിസി ആശുപത്രിയിലെ കാർഡിയാക് സർജറി വിഭാഗം മേധാവി ഡോ. ജോസ് ചാക്കോ പെരിയപ്പുറം ക്യാമ്പിന്റെ ഉദ്ഘാടന കർമ്മത്തിൽ പങ്കാളിയായി. ലിസി ആശുപത്രിയിലെ കാർഡിയാക് സർജറി, കാർഡിയോളജി, പീഡിയാട്രിക് കാർഡിയോളജി, എൻഡോവാസ്കുലർ & ഇന്റെർവെൻഷണൽ റേഡിയോളജി, ന്യൂറോസർജറി, ന്യൂറോളജി, ഓങ്കോളജി, ഇ എൻ ടി, പീഡിയാട്രിക്സ്, നെഫ്രോളജി, യൂറോളജി, പൾമണറി മെഡിസിൻ, ജനറൽ മെഡിസിൻ, ഗൈനക്കോളജി, ഓർത്തോപീഡിക്സ്, ക്രിട്ടിക്കൽ കെയർ മെഡിസിൻ, ജനറൽ സർജറി എന്നി വിഭാഗങ്ങളിലെ വിദഗ്ധ ഡോക്ടർമാർ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തു.

World TB Day (24 Mar 2022)

On March 24th (World TB Day 2022) CME conducted by Pulmonary Medicine Department on Tuberculosis preventive therapy and Initiation of ATT in special population.

ടി ബി പോസ്റ്റർ മത്സരം

ലോക ട്യൂബർക്കുലോസിസ് ദിനത്തോടനുബന്ധിച്ച് ലിസി ആശുപത്രിയിൽ പോസ്റ്റർ മത്സരം നടത്തുകയുണ്ടായി. ലിസി മെഡിക്കൽ ഇൻസ്റ്റിട്യൂഷനിലെ വിദ്യാർത്ഥികളും, ആശുപത്രിയിലെ നഴ്സുമാരും സ്റ്റാഫ് അംഗങ്ങളും അടക്കം നിരവധി പേരാണ് ഈ മത്സരത്തിൽ പങ്കെടുത്തത്. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോർജ്ജ് തേലക്കാട്ട്, ലിസി പൾമണോളജി വിഭാഗം മേധാവി ഡോ. പരമേശ്, കൺസൾട്ടന്റ് പൾമണോളജിസ്റ്റ് ഡോ. തോമസ് കുര്യൻ, ഡോ.എളു മേരി മാമ്പിള്ളി, ലിസി ആശുപത്രിയിലെ സെക്യൂരിറ്റി മാനേജർ ജോസ് ജേക്കബ് എന്നിവർ ചേർന്നാണ് മൂല്യനിർണയം നടത്തിയത്. ലിസി ആശുപത്രിയിലെ പൾമണോളജി വിഭാഗത്തിന്റെയും മെഡിക്കൽ സോഷ്യൽ വർക്ക് വിഭാഗത്തിന്റെയും നേതൃത്വത്തിലാണ് മത്സരം നടത്തിയത്.

ആദരാഞ്ജലികൾ (11 Feb 2022)

"ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്നു പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ, നിങ്ങൾക്ക് ആശ്വാസം ലഭിക്കും." എന്ന് യേശു പറയുന്നുണ്ട് (മത്തായി 11 : 29). ഈ വചനത്തിന്റെ നേരടയാളമായിരുന്നു ബഹുമാനപ്പെട്ട പോൾ ചെമ്പോത്തനായിൽ അച്ചൻ. സൗമ്യതയും പ്രശാന്തതയും വിനയവും ഹൃദയലാളിത്യവും കൊണ്ട്, വ്യാപരിച്ച ഇടങ്ങളെല്ലാം പുണ്യഭൂമികളാക്കി മാറ്റിയ ഒരു നല്ല ഇടയൻ. 2015 മുതൽ 2020 വരെ സൗമ്യദീപ്തമായ ആ സാന്നിധ്യം നുകരാൻ ലിസി ആശുപത്രിക്ക് ഭാഗ്യം ലഭിച്ചു. സ്പിരിച്ചൽ ഡയറക്ടറായി ആശുപത്രിയിലാകെ പ്രഭ ചൊരിയുന്ന സാന്നിധ്യമായിരുന്നു പോളച്ചൻ. നന്നേ പതിഞ്ഞ ശബ്ദത്തിലുള്ള ബലിയർപ്പണങ്ങൾ, കാമ്പും കാതലുമുള്ള ചെറിയ സുവിശേഷ വിചിന്തനങ്ങൾ, രോഗികളുടെ കിടക്കകൾക്കരികിലൂടെ ആശ്വാസവും ധൈര്യവും പകർന്നുകൊണ്ട് ഇളം കാറ്റുപോലെയുള്ള സഞ്ചാരങ്ങൾ-അച്ചന്റെ ആശുപത്രിയിലെ ദിനങ്ങൾ ഇങ്ങനെയായിരുന്നു. ഭാരരഹിതരായി ജീവിക്കാനാഗ്രഹിക്കുന്നവർക്ക് ഇതിലും മികച്ച ഒരു ഗുരുനാഥനെ ലഭിക്കില്ല. പോൾ ചെമ്പോത്തനായിൽ അച്ചന്റെ ജീവിതത്തെ ഇപ്രകാരം സംക്ഷിപ്തപ്പെടുത്താം - നിർമ്മലനായ മനുഷ്യൻ, വിശുദ്ധനായ പുരോഹിതൻ. ദീപ്തമായ ആ സ്മരണകൾക്കു മുന്നിൽ ലിസി കുടുംബത്തിന്റെ ഹൃദയംഗമായ സ്നേഹാഞ്ജലികൾ.

Breast Cancer Summit (27 Mar 2022)

Lisie Cancer Center (LCC) conducted its first academic programme on breast cancer. The programme was held on 27.03.22 at Grand Hyatt Bolgatty from 9 am to 2 pm. Reputed oncologists from all over Kerala attended the programme. Lisie Cancer Centre hosted an educational symposium with a panel of experts from all over Kerala and discussed newer management protocols which are more efficient in controlling breast cancer, but with far less toxicity.

Recent advances in breast cancer surgery along with efficient combination of radiation and chemotherapy for improving patient outcomes were part of the deliberations.

Farewell (05 Feb 2022)

Chaithra A G, Assistant professor, Lisie college of Allied Health Sciences leaving the institution after one and half year of dedicated, and committed service.

We were incredibly lucky to have a companion who always showcased work ethics and discipline, perseverance, integrity, consistency, foresight, innovation, resourceful, and so on...

Thank you for all you have done, and we know you will be an asset wherever you go.

A new version of Automated insulin pump first time in Kerala (19 Jan 2022)

ടൈപ്പ് 1 ഡയബറ്റീസ് എന്ന അസുഖത്തിന് വളരെ പ്രധാനമായ ചികിത്സയാണ് ഇൻസുലിൻപമ്പ്. മെട്രോണിക്സ് കമ്പനിയുടെ 780 ജി എന്ന പമ്പ് ലിസി ആശുപത്രിയിലെ ടൈപ്പ് 1 ഡയബറ്റീസ് ഉള്ള 15 വയസ്സുള്ള ഒരു കുട്ടിക്ക് പിടിപ്പിക്കുകയുണ്ടായി. ഈ പമ്പിന് ഒട്ടേറെ സവിശേഷതകളുണ്ട്. പ്രധാനമായും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിക്കുന്നു എന്നുള്ളതാണ്. ഷുഗറിന്റെ ഏറ്റക്കുറച്ചിലുകൾ കണ്ടുപിടിക്കുകയും ഇൻസുലിന്റെ ഡോസ് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാൻ പറ്റും. ഇന്ത്യയിൽ ആദ്യമായാണ് ഇത്തരമൊരു പമ്പ് ഉണ്ടാകുന്നത്.

Silver Jubilee Celebration (16 Feb 2022)

Silver jubilee celebrations of Rev Sr Renjitha CSN was held on 16/02/22 @ 3pm at Lisie College of Nursing. The programme started with a prayer song by Mrs Deepa Mathew and Mrs Rintu Thomas.

Mrs Josmin Joy welcomed the gathering. Rev Fr Dr Paul Karedan (Director), Rev Fr Joseph Makkothakat (Asst Dir), Prof Dr. Usha Marath (Principal) , Rev Sr Mary DSHS and Mrs Jasmine Joseph felicitated the meeting. Rev Sr Renjitha delivered a reply message. Rev Fr Rojan Nangelimalil, Rev Fr Shanu Moonjely, Rev Fr George Thelekatt also graced the function. Programme concluded with a vote of thanks by Mrs Mridula E. S

Inauguration & Students Induction Programme of D Pharm 2021 Batch

The D.Pharm 2021 batch was formally inaugurated on 21st February 2021 at 10:30 am in the college auditorium of Lisie College of Pharmacy. The ceremony was attended by all the 60 newly admitted students along with their parents, faculty, and staff. The official gathering started with a prayer followed by the lamp lighting. Along with Guests, the delegates, Govind K R (student) and his mother Yamuna M. J. lit the lamp.

